File No.LSGD-DB1/277/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-എട്ടുമുറി കോളനി സമഗ്ര വികസനം-ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2378/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/11/2021

പരാമർശം:-

1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09/07/2021 ലെ കത്ത്.
2. കോട്ടയം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12/02/2021-ലെ A4/1021/2018/PAU നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14/09/2021-ലെ 4.49-ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കുറിച്ചി ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ എട്ടുമുറി കോളനി സമഗ്ര വികസനം എന്ന പ്രോജക്ടിൽ പൊതുവിഭാഗത്തിൽപ്പെടുന്ന രണ്ടു കുടുംബങ്ങൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൂന്ന് കുടുംബങ്ങൾ, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന രണ്ടു കുടുംബങ്ങൾ എന്നിങ്ങനെ ഏഴു കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉൾപ്പെട്ടിരുന്നു. ടി കുടുംബങ്ങൾ താമസിക്കുന്ന ജീർണ്ണിച്ച കെട്ടിടം പൊളിച്ചു മാറ്റിയാണ് പുതിയ ഭവനങ്ങൾ പണിയേണ്ടുന്നത്. എന്നാൽ ടി പ്രോജക്ടിൽ ഉൾപ്പെട്ട രണ്ടു ഗുണഭോക്താക്കളിൽ ഒരാളായ പൊതു വിഭാഗത്തിൽപ്പെടുന്ന ശ്രീമതി ചിന്നമ്മ സർവ്വീസ് പെൻഷണറും ജനറൽ വിഭാഗത്തിൽപ്പെട്ട മറ്റൊരു ഗുണഭോക്താവായ ശ്രീമതി ശാന്തമ്മയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട മകന് സ്വന്തമായി വീടുമുണ്ട്. ലൈഫ് മാനദണ്ഡമനുസരിച്ച് ആനുകൂല്യത്തിനർഹതയില്ലാത്ത ഈ രണ്ടു ഗുണഭോക്താക്കളെ ഒഴിവാക്കി മറ്റുള്ളവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ ശ്രീമതി ചിന്നമ്മ, ശ്രീമതി ശാന്തമ്മ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകണമെന്ന് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിച്ചിരുന്നു.

2. ഇക്കാര്യം 14/09/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും മേൽകമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശാന്തമ്മ എന്ന ഗുണഭോക്താവിന് ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകുന്നതിനും ശ്രീമതി ചിന്നമ്മ എന്ന ഗുണഭോക്താവ് സർവ്വീസ് പെൻഷണർ ആണ് എന്നതു കൂടി പരിഗണിച്ച് ലൈഫ് നിരക്കിന്റെ 60 ശതമാനം ജില്ലാ പഞ്ചായത്തും 40 ശതമാനം ടി ഗുണഭോക്താവും വഹിക്കണം എന്ന നിബന്ധനയിൽ ലൈഫ് നിരക്കിൽ ധനസഹായം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
സെക്രട്ടറി കോട്ടയം ജില്ലാ പഞ്ചായത്ത്.
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോട്ടയം.

ശ്രീമതി ചിന്നമ്മ, ശ്രീമതി ശാന്തമ്മ(കോട്ടയം ജില്ലാ പഞ്ചായത്ത് മുഖേന).

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ